**File No.TCPCTP/697/2019-D**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല - ചെങ്ങളായി ഗ്രാമപഞ്ചായത്ത് - ചുഴലി വില്ലേജ് - എം സാൻഡ് മാനുഫാക്ചറിംഗ് യൂണിറ്റ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/2/2019 ലെ എ 4-4183/2018 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 20/3/2019 ലെ സി -452/2019, 2/08/2019 ലെ സി/1647/19 നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/697/2019-D തിയതി:**15/10/2019**

---

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുഴലി വില്ലേജിൽ റീ സർവ്വേ നമ്പർ 389/2 -ൽപ്പെട്ട 1.62 ഹെക്ടർ സ്ഥലത്ത് Group-1 Hazardous occupancy-ൽ പ്പെട്ട 459.61 ച.മീ വിസ്തീർണ്ണമുള്ള സ്റ്റോൺ ക്രഷർ യൂണിറ്റിനോട് ചേർന്ന് 52.18 ച.മീ വിസ്തീർണ്ണമുള്ള എം സാൻഡ് മാനുഫാക്ചറിംഗ് യൂണിറ്റ് നിർമ്മാണത്തിനുള്ള അംഗീകാരത്തിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ടി.പി മുഹമ്മദ്, സി.പി. മുഹമ്മദ് ഷമീം, കെ. ഹംസകുട്ടി, സി.പി. മുഹമ്മദ് സയ്യദ് ,പി .പി മുഹമ്മദ് സാവദ്, കദീജ മൻസിൽ അരിമ്പ്ര.പി.ഒ, ചെങ്ങളായി, കണ്ണൂർ, 670631-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും ലഭ്യമാക്കേണ്ട അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവയും, ടി സ്ഥലത്ത് പുറമ്പോക്ക് ഭൂമിയില്ലായെന്നും നെൽപാടത്തിന്റെ ഭാഗമല്ലായെന്നും സെക്രട്ടറി പരിശോധിക്കേണ്ടതാണ്.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. അപേക്ഷകൻ അനുബന്ധ ഏജൻസികളിൽ നിന്നും NOC ലഭ്യമാക്കണം, പ്രത്യേകിച്ചും ഫയർ ഫോഴ്സ് വകുപ്പിൽ നിന്നും NOC നിർബന്ധമായും ലഭ്യമാക്കണം.
8. കെ.പി.ബി.ആർ. 2011 ലെ ചട്ടം 61 (16), (17) എന്നിവ പ്രകാരം ദ്രവ മാലിന്യ സംസ്കരണത്തിനും, മലിന ജലം ശുദ്ധീകരിച്ച് പുനഃരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
9. പ്ലോട്ടിൽ നിലവിലുള്ള അംഗീകൃതമല്ലാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 102/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

പകർപ്പ്:-

1. ടി.പി.മുഹമ്മദ്, കദീജ മൻസിൽ അരിമ്പ്ര.പി.ഒ , ചെങ്ങളായി, കണ്ണൂർ, 670631
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം